**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 368** **01-02-2023 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും സുസ്ഥിരമായ ഉല്പന്നങ്ങളുടെ വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരുടെ വരുമാനം വർധിപ്പിക്കുന്നതിനും നാല് തരത്തിലുള്ള വിപണന പ്രവർത്തനങ്ങളാണ് കുടുംബശ്രീ സ്വീകരിച്ചു വരുന്നത്. ആദ്യമായി പ്രാദേശികതലം മുതൽ ദേശീയതലം വരെയുള്ള മേളകളിൽ കുടുംബശ്രീയുടെ പങ്കാളിത്തത്തിലൂടെയുള്ള വിപണന രീതിയാണ്. മാസചന്തകൾ, വിപണന മേളകൾ, ഓണം, ക്രിസ്തുമസ് ആഘോഷങ്ങളോടനുബന്ധിച്ചുള്ള ഉത്സവമേളകൾ,കഫേ കുടുംബശ്രീ ബ്രാൻഡിൽ ഭക്ഷ്യമേളകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ദേശീയ വിപണന മേളയായ സരസ്സ്മേളയും എല്ലാ വർഷവും കുടുംബശ്രീ സംഘടിപ്പിക്കുന്നുണ്ട്. രണ്ടാമത്തേത് കുടുംബശ്രീ ഉല്പന്നങ്ങൾക്കായി സ്ഥിര വിപണന കേന്ദ്രങ്ങൾ സ്ഥാപിച്ച് കൊണ്ടുള്ള വിപണന പ്രോത്സാഹന പദ്ധതിയാണ്. ഇതിന്റെ ഭാഗമായി 13 ജില്ലകളിലും കുടുംബശ്രീ ബസാർ(സൂപ്പർമാർക്കറ്റ്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1030 നാനോ മാർക്കറ്റുകൾ(ഉൽപ്പന്ന ഷെൽഫുകൾ),99 മാർക്കറ്റിംഗ് കിയോസ്കുകൾ,63 സി.ഡി.എസ് തല വിപണന കേന്ദ്രങ്ങളായ മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ എന്നിവയും ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് എയർപോർട്ടിലും , കൊച്ചി മെട്രോയിലും കുടുംബശ്രീയുടെ സിഗ്നേച്ചർ സ്റ്റോറുകൾ പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. മൂന്നാമതായി കുടുംബശ്രീ ഉല്പന്നങ്ങൾ സാമൂഹികാധിഷ്ഠിത വിതരണ ശൃംഖല വഴി വീടുകളിലെത്തിക്കുന്ന ഹോംഷോപ്പ് പദ്ധതി 11 ജില്ലകളിൽ നടന്നു വരുന്നു. ഇത് കൂടാതെ കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വിപണി ലക്ഷ്യമിട്ട് ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പോർട്ടലുകളിലും കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. കുടുംബശ്രീ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളെ മെച്ചപ്പെടുത്തുന്നതിന് ലഘുവായ്പ് പദ്ധതിയും ക്ലസ്റ്റർ വികസന മാതൃകയിൽ ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി പൊതുമാർക്കറ്റിൽ കിടപിടിക്കുന്ന രീതിയിൽ ഉത്പന്ന വികസനത്തിന് സംരംഭങ്ങളെ സഹായിക്കുന്ന ബ്രാൻഡിംഗ് പദ്ധതിയും കുടുംബശ്രീ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | യുവതലമുറയെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിനും ഇവരെ പൊതുധാരയിൽ കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (ബി) | സാമൂഹികസാമ്പത്തിക, സ്ത്രീ ശാക്തീകരണ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിവിധ തൊഴിലവസരങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമായി 18 മുതൽ 40 വയസ്സുവരെയുള്ള സ്ത്രീകൾക്കായി ഓക്സിലറി ഗ്രൂപ്പുകൾ കുടുംബശ്രീ രൂപീകരിച്ചിട്ടുണ്ട്. ഓരോ വാർഡിലും പരമാവധി അൻപത് സ്ത്രീകൾ ഉൾപ്പെടുന്നതാണ് ഈ ഗ്രൂപ്പ്. 19,554 ഓക്സിലറി ഗ്രൂപ്പുകളിലായി 3,06,692 യുവതികൾ അംഗത്വം നേടിയിട്ടുണ്ട്. ഇവർക്ക് സ്ത്രീപക്ഷ നവകേരളം ക്യാമ്പെയിന്റെ ഭാഗമായി ജെൻഡർ അവബോധ പരിശീലനം, കാര്യശേഷി വികസനപരിശീലനം എന്നിവ നൽകുകയും ചെയ്തിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുടെ ഉപജീവനപ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി തത്പരരായ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ ഉൾപ്പെടുത്തി സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ